**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1307 04.02.2019 ൽ മറുപടി നൽകേണ്ടത്.

**സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | മാനസിക വെല്ലുവിളികൾ നേരിടുന്ന 100 വിദ്യാർത്ഥികളിൽ കൂടുതൽ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി മുൻ സർക്കാർ പുറത്തിറക്കിയ ഉത്തരവ് ഈ സർക്കാർ റദ്ദ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | റദ്ദ് ചെയ്തിട്ടില്ല. |
| (ബി) | പ്രസ്തുത തീരുമാനത്തിന് ശേഷം എല്ലാ സ്പെഷ്യൽ സ്കൂളുകളെയും ഉൾപ്പെടുത്തി ഒരു സമഗ്ര പാക്കേജിന് രൂപം നൽകുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിരുന്നോ ; | (ബി) & (സി) | ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.11.17-ന് കൂടിയ യോഗ തീരുമാന പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കുകയും പ്രസ്തുത പാക്കേജ് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.08.2018-ന് ചേർന്ന യോഗത്തിൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 05.01.2019-ന് വീണ്ടും യോഗം ചേരുകയും പാക്കേജിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ചുവടെ പറയുന്ന പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നടപടി സ്വീകരിച്ച് വരികയുമാണ്.<br><br>1) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ ആരോഗ്യ വകുപ്പിലേയും വിദ്യാഭ്യാസ വകുപ്പിലേയും ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ടീം സന്ദർശിച്ച് കുട്ടികളുടെ എണ്ണം, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, |
| (സി) | എങ്കിൽ പ്രസ്തുത പാക്കേജിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | അദ്ധ്യാപകരുടെ എണ്ണം, അദ്ധ്യാപകരുടെ യോഗ്യത തുടങ്ങിയവ വിലയിരുത്തിയ ശേഷം A, B, C എന്നീ മൂന്ന് ഗ്രേഡുകളായി തരം തിരിക്കൽ.<br>2) A ഗ്രേഡ് സ്കൂളുകൾക്ക് 83,05,200/- രൂപയും, B ഗ്രേഡ് സ്കൂളുകൾക്ക് 51,55,200/- രൂപയും, C ഗ്രേഡ് സ്കൂളുകൾക്ക് 19,47,600/- രൂപയും പ്രതിവർഷം ഗ്രാന്റായി നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ.<br>3) തിരുവനന്തപുരം, പാങ്ങാപ്പാറയിലുള്ള സി.എച്ച് മുഹമ്മദ് കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കുള്ള പരിശീലന കേന്ദ്രമായും സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ഒരു മികവിന്റെ കേന്ദ്രമായും ആക്കി മാറ്റിഎടുക്കൽ. |

സെക്ഷൻ ഓഫീസർ